പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 2054

08.12.2014-ൽ മറുപടിക്ക്.

# ക്രൈം ബ്രാഞ്ചിന്റെ ആധുനികവത്ക്കരണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.ആർ. സെൽവരാജ്<br>ശ്രീ. പാലോട് രവി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനങ്ങൾ ആധുനികവത്കരിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | : (എ) ക്രൈംബ്രാഞ്ച് വിഭാഗം റീ ഓർഗനൈസ് ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകൾ സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ അടുത്ത ധനകാര്യവർഷം പരിഗണിക്കുന്നതിനായി മാറ്റി വെച്ചിരിക്കുകയാണ്. കൂടാതെ പോലീസ് ആധുനികവൽക്കരണത്തിന്റെ ഭാഗമായി ക്രൈം ബ്രാഞ്ചിന് ആവശ്യമായ ഓഫീസുകളുടെ നിർമ്മാണം, വാഹനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. പുതിയ തസ്തികകൾ സൃഷ്ടിച്ചും ഓഫീസ് വാഹന സൗകര്യങ്ങൾ ലഭ്യമാക്കിയും ക്രൈംബ്രാഞ്ചിന്റെ നിലവിലുള്ള പ്രവർത്തനം വ്യാപിപ്പിക്കുകയും, മെച്ചപ്പെടുത്തുകയും ചെയ്യുന്നതിനുള്ള കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സാങ്കേതിക സൗകര്യങ്ങളുമാണ് പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | : (ബി) ആധുനികവൽക്കരണ പദ്ധതിയുടെ ഭാഗമായി ഓഫീസ് കെട്ടിടം നിർമ്മിയ്ക്കുന്നതിനും വാഹനങ്ങൾ, ക്യാമറകൾ എന്നിവ വാങ്ങി നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. |

(സി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുവാനും തെളിയിക്കുവാനുമുള്ള കാര്യങ്ങൾ ആധുനികവത്ക്കരണത്തിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

: (സി & ഡി) സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിനും തെളിയിക്കുന്നതിനുമായി ക്രൈം ബ്രാഞ്ചിന്റെ കീഴിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സൈബർ പോലീസ് സ്റ്റേഷനിലേയ്ക്ക് ഒരു ഡി.വൈ.എസ്.പി, 4 ഇൻസ്പെക്ടർ എന്നീ പോസ്റ്റുകൾ 26.04.2014 ലെ ജി.ഒ (എം.എസ്) 79/2014 പ്രകാരം അനുവദിച്ചിട്ടുണ്ട്. സൈബർ സെല്ലുകളിലേയ്ക്ക് ആവശ്യമായ 133 തസ്തികകൾ വിവിധ വിഭാഗങ്ങളിലായി 01.08.2013 ലെ ജി.ഒ (എം.എസ്) നമ്പർ 194/13/ആഭ്യന്തരം പ്രകാരം അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ Password Cracker, ഹാർഡ് വെയർ ആന്റ് സോഫ്റ്റ് വെയർ, മൊബൈൽ ഫോൺ എസ്ട്രാക്റ്റർ, കോൾ ഡാറ്റാ അനാലിസിസ് സോഫ്റ്റ് വെയർ, സൈബർ ഫോറൻസിക് ടൂൾസ് മുതലായ ആധുനിക ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ